**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5410** **12-08-2021 - ൽ മറുപടിയ്ക്ക്**

**കേരളത്തിന് നബാർഡിൽ നിന്നും ലഭിച്ച തുക**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. മമ്മിക്കുട്ടി | | Shri. V. N. Vasavan<br>(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി) | |
| (എ) | കഴിഞ്ഞ അഞ്ച് വർഷം സഹകരണ വകുപ്പിന്റെ എതെല്ലാം പദ്ധതികൾക്കായി നബാർഡിൽ നിന്നും എത്ര കോടി രൂപ ലഭിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ; | (എ) | വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (ബി) | കേന്ദ്ര സർക്കാരിന്റെ പുതിയ സഹകരണ നിയമം പ്രാഥമിക കാർഷിക സഹകരണ ബാങ്കുകളെ ഏതെല്ലാം തരത്തിലാണ് ബാധിക്കുക എന്ന് വിശദമാക്കാമോ? | (ബി) | കേന്ദ്ര സർക്കാർ 2020 ൽ ബാങ്കിംഗ് റഗുലേഷൻ നിയമത്തിൽ ഭേദഗതി വരുത്തിയിട്ടുണ്ട്. ടി നിയമത്തിലെ വകുപ്പ് 3 പ്രകാരം ടി ഭേദഗതികൾ പ്രാഥമിക കാർഷിക വികസന ബാങ്കുകൾക്ക് ബാധകമല്ല. അതിനാൽ കാർഷിക വായ്പ നൽകുന്ന പ്രാഥമിക സംഘങ്ങൾ 'Bank, Banker, Banking' എന്നീ പദങ്ങൾ അവയുടെ പേരിനോടൊപ്പം ചേർത്ത് ഉപയോഗിക്കുന്നതിന് വിലക്ക് ഏർപ്പെടുത്തിയിട്ടുള്ളതും ഇടപാടുകാർക്ക് ചെക്ക് പോലുള്ള സൗകര്യങ്ങൾ ഉപയോഗിക്കാനാവാത്തതുമാണ്. തന്മൂലം Bank എന്ന പേരിൽ പ്രവർത്തിക്കുന്ന സംഘങ്ങളുടെ മതിപ്പ് ഇല്ലാതാകാനും ആയത് വഴി നിക്ഷേപത്തിൽ കുറവു വരുന്നതിനും സാഹചര്യമുണ്ടാകാം. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

**1.** കഴിഞ്ഞ 5 വർഷം നബാർഡിൽ നിന്നും സംസ്ഥാന സഹകരണ ബാങ്കിന് ലഭിച്ച തുക താഴെപ്പറയുന്നു.

**തുക കോടിയിൽ**

| | 2016-17 | 2017-18 | 2018-19 | 2019-20 | 2020-21 |
|---|---|---|---|---|---|
| ഹ്രസ്വകാല കാർഷിക വായ്പ | **1844.95** | **1400.00** | **1500.00** | **2228.81** | **1741.97** |
| ഹ്രസ്വകാല കാർഷികേതര വായ്പ | **200.00** | **707.50** | **925.00** | **1550.00** | **2250.00** |
| ദീർഘകാല വായ്പ | **333.70** | **570.52** | **417.25** | **537.30** | |
| സ്പെഷ്യൽ ലിക്വിഡിറ്റി ഫെസിലിറ്റി | | | | | **2000.00** |

**2.** നബാർഡിന്റെ ആർ.ഐ.ഡി.എഫ് ധനസഹായ പദ്ധതിയിൽ ഉൾപ്പെടുത്തി കൊല്ലം ജില്ലാ സഹകരണ ആശുപത്രി സംഘം ക്ലിപ്തം നമ്പർ ക്യു. 952 ന് ക്യാൻസർ സെന്റർ, ജെറിയാട്രിക് സെന്റർ, ആയുർവേദ ആശുപത്രി എന്നിവ ആരംഭിക്കുന്നതിനായി 2016-17, 2017-18, 2018-19, 2019-20, 2020-21 സാമ്പത്തിക വർഷങ്ങളിലായി യഥാക്രമം 900 ലക്ഷം, 216.18 ലക്ഷം, 789.3784 ലക്ഷം, 1830.64 ലക്ഷം, 2363 ലക്ഷം രൂപയുമായി ആകെ 6099.1984 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

3. സംസ്ഥാന സഹകരണ കാർഷിക ഗ്രാമ വികസന ബാങ്കിന് കഴിഞ്ഞ 5 വർഷം വിവിധ പദ്ധതികൾക്കായി നബാർഡിൽ നിന്നും ചുവടെ പറയും പ്രകാരം ധനസഹായം ലഭ്യമായിട്ടുണ്ട്.

| **വർഷം** | **ലഭിച്ച തുക (ലക്ഷത്തിൽ)** |
|---|---|
| 2016-17 | 169031.51 |
| 2017-18 | 124501.20 |
| 2018-19 | 95805.00 |
| 2019-20 | 150723.61 |
| 2020-21 | 126600.00 |
| **ആകെ** | **666661.32** |